കോമൺവെൽത്ത് എക്സ്പ്രസ് കൊച്ചിയിൽ എത്തിയപ്പോൾ

കപ്പൽച്ചാലിന് ആഴമില്ല, വല്ലാർപാടത്ത് കണ്ടെയ്നർ കപ്പലടുക്കാൻ വൈകും

കൊച്ചി: കണ്ടെയ്നറുകളുമായി ഭീമാകാര മാതൃയാനങ്ങൾ കൊച്ചി അഴിമുഖം കടന്ന് വല്ലാർപാടത്തു വന്നടുക്കുന്നതു കാണാനുള്ള കാത്തിരിപ്പ് ഇനിയും നീളും. ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന്റെ നിർമാണവും അനുബന്ധ റെയിൽ-റോഡ് വികസനപദ്ധതികളും അന്ത്യഘട്ടത്തിലേക്ക് അടുക്കുമ്പോഴും ടെർമിനലിലേക്കുള്ള കപ്പൽച്ചാലാണു അപ്രതീക്ഷിതമായി പ്രതിസന്ധി സൃഷ്ടിക്കുന്നത്.

കണ്ടെയ്നർ കപ്പലുകൾ അടുക്കേണ്ട ബർത്തിനു തൊട്ടു മുമ്പിലുള്ള കായലിന്റെ അടിത്തട്ടിൽ കോരിയെടുക്കാവുന്ന ചളിക്കുപകരം കടുപ്പമേറിയ തിട്ടകൾ കണ്ടതോടെ ഡ്രജിംഗ് പണികൾ മന്ദഗതിയിലായി. ഈ മാസം പൂർത്തിയാകേണ്ടിയിരുന്ന ഡ്രജിംഗ് നവംബർ അവസാനമായാലും തീരുമെന്ന് ഉറപ്പില്ലാത്ത അവസ്ഥയാണിപ്പോൾ. ടെർമിനലിൽ അടുക്കേണ്ട കൂറ്റൻ ചരക്കുകപ്പലുകൾക്കായി 16 മീറ്റർ ആഴത്തിൽ മണ്ണുമാന്തി കപ്പൽച്ചാൽ വികസിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ ടെർമിനലിനു മുമ്പിലെ ആഴം 11 മീറ്റർ മാത്രമാണ്. ആദ്യഘട്ടത്തിൽ 600 മീറ്റർ നീളമുള്ള ബർത്താണ് ഒരുക്കുന്നത്.

സാധാരണ ഗതിയിൽ കുഴമ്പുപരുവത്തിലുള്ള ചളിയും മണ്ണും വലിച്ചെടുക്കുന്ന സക്ഷൻ ഡ്രജർ ഉപയോഗിച്ചാണ് കപ്പൽചാലിന്റെ ആഴം കൂട്ടുന്നത്. എന്നാൽ അടിത്തട്ടിൽ പാറപോലെ ഉറച്ച മണ്ണു വെട്ടി നീക്കേണ്ട അവസ്ഥയാണിപ്പോൾ. ഇതിനു ഗ്രാബ് ഡ്രജർ ഉപയോഗിക്കണം.

വല്ലാർപാടം ടെർമിനൽ ബർത്തിൽ കപ്പലടുക്കാൻ അതിയന്തരമായി 600 മീറ്റർ നീളത്തിൽ ചാലിന് അഞ്ചു മീറ്റർ കൂടി ആഴം കൂട്ടേണ്ടതുണ്ട്. ഇതിന് 20 ലക്ഷം ക്യൂബിക് മീറ്റർ മൺതിട്ട അടിത്തട്ടിൽ നിന്നു വെട്ടിമാറ്റണം. കണ്ടെയ്നർ ടെർമിനലിന്റെ നടത്തിപ്പും ചുമതലയും ദുബായ് പോർട്ട് വേൾഡിനാണെങ്കിലും കപ്പൽചാലിന്റെ ആഴംകൂട്ടലും സംരക്ഷണവും കൊച്ചി തുറമുഖ ട്രസ്റ്റിന്റെ ഉത്തരവാദിത്തമാണ്. കൊച്ചിൻ പോർട്ടിനു വേണ്ടി ജയ്സു ഷിപ്പിംഗ് കമ്പനിയാണ് ഡ്രജിംഗ് ഏറ്റെടുത്തിരുന്നത്.

ആദ്യഘട്ടത്തിൽ സക്ഷൻ ഡ്രജർ ഉപയോഗിച്ചു മണ്ണുമാന്തി നീക്കിയെങ്കിലും ഏതാണ്ട് പത്തു മീറ്റർ ആഴമെത്തിയപ്പോൾ തന്നെ അടിത്തട്ടിന്റെ കാഠിന്യം തെളിഞ്ഞു വന്നു. തുടർന്ന് ഗ്രാബ് ഡ്രജർ ഇറക്കി. ഇപ്പോൾ നാലു ഡ്രജറുകൾ വല്ലാർപാടത്തേക്കു കപ്പൽചാൽ ഒരുക്കാൻ രംഗത്തുണ്ട്.

കാലാവസ്ഥ കൂടി പ്രതികൂലമായാൽ ഡ്രജിംഗ് ഡിസംബർ വരെ നീളുമെന്നാണ് ആശങ്ക. കൊച്ചിൻ പോർട്ടുമായി 2005 ഫെബ്രുവരിയിൽ ഡിപി വേൾഡ് കരാർ ഒപ്പുവച്ചപ്പോൾ നാലു കൊല്ലത്തിനകം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ പൂർത്തിയാകുമെന്നായിരുന്നു പ്രതീക്ഷ. വല്ലാർപാടത്തേക്കു പ്രത്യേക റെയിൽപ്പാതയും നാലുവരി റോഡും പണിയാനും അടിസ്ഥാന സൗകര്യമൊരുക്കാനും തീവ്രയജ്ഞം നടക്കുന്നതിനിടയിലാണ് കായിലിലെ മണ്ണുമാന്തൽ പ്രശ്നം സൃഷ്ടിച്ചത്.

ടെർമിനലിൽ സ്ഥാപിക്കേണ്ട ആറു സൂപ്പർ പോസ്റ്റ് പാനമാ കീ ക്രെയിനുകളിൽ ആദ്യത്തെ നാലെണ്ണവുമായി ചൈനയിൽ നിന്ന് കഴിഞ്ഞ ജൂൺ 24-ന് കൊച്ചി പുറങ്കടലിലെത്തിയ ഷെൻ ഹുവ 10 എന്ന ബാർജിന് കപ്പൽച്ചാലിനു വേണ്ടത്ര ആഴമില്ലാത്തതിനാൽ ജൂലൈ 15 വരെ വെളിയിൽ കാത്തുകിടക്കേണ്ടിവന്നു. ഒടുവിൽ കീ ക്രെയിനുകളുമായി അത് അഴിമുഖത്തു പ്രവേശിച്ചുവെങ്കിലും വല്ലാർപാടം ബർത്തിലേക്കു നീങ്ങിയപ്പോൾ ആഴക്കുറവു തടസമായി. ദിവസങ്ങളോളം എറണാകുളം വാർഫിൽ കാത്തുകിടന്നശേഷമാണ് ഒരുവിധത്തിൽ ഷെൻ ഹുവ വല്ലാർപാടത്ത് അടുപ്പിച്ച് ക്രെയിനുകൾ ഇറക്കിയത്.

വൻതുക വൈദ്യുതി ബിൽ; വൈദ്യുതി വിഛേദിക്കരുതെന്ന് ഉത്തരവ്

തൃശൂർ: വൻതുക അടയ്ക്കണമെന്ന് ചൂണ്ടിക്കാട്ടി വൈദ്യുതി ബിൽ നൽകിയതിനെതിരെ ഫയൽ ചെയ്ത ഹർജിയിൽ കണക്ഷൻ വിഛേദിക്കരുതെന്ന് ഉത്തരവ്. മുണ്ടത്തിക്കോടുള്ള എം.കെ.ഇൻഡസ്ട്രീസ് ഉടമസ്ഥ റോഷ്നി പവിത്രൻ ഫയൽ ചെയ്ത ഹർജിയിലാണ് വൈദ്യുതി ബോർഡിന്റെ പെരിങ്ങണ്ടൂർ ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എൻജിനിയർക്കെതിരെയും തിരുവനന്തപുരത്തുള്ള സെക്രട്ടറിക്കെതിരെയും ഉത്തരവുണ്ടായത്.

90,209 രൂപ അടയ്ക്കാൻ ആവശ്യപ്പെട്ടാണ് വൈദ്യുതി ബോർഡ് റോഷ്നിക്ക് ബിൽ നൽകിയത്. ബിൽ നിയമവിരുദ്ധമാണെന്ന് കാണിച്ച് കോടതിയെ സമീപിക്കുകയായിരുന്നു. ഹർജി പരിഗണിച്ച പ്രസിഡന്റ് പത്മിനി സുധീഷ്, മെംബർമാരായ പി.എസ്.രജനി, എം.എസ്.ശശിധരൻ എന്നിവരടങ്ങിയ ഉപഭോക്തൃകോടതിയാണ് ഹർജിക്കാരിയുടെ വൈദ്യുതി കണക്ഷൻ വിഛേദിക്കരുതെന്ന് ഉത്തരവിട്ടത്.

ചെലവില്ലാ കൃഷി രീതിയെ സർക്കാർ പ്രോത്സാഹിപ്പിക്കണം: സുഭാഷ് പലേക്കർ

മാള: ചെലവില്ലാ പ്രകൃതി കൃഷിയെ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന സർക്കാർ തയറായാൽ ഒരു വർഷം കൊണ്ട് കേരളത്തെ ഭഷ്യ സ്വയം പര്യാപ്തിയിലേക്ക് നയിക്കാൻ സാധിക്കുമെന്ന് ചെലവില്ലാ കൃഷിരീതിയുടെ ഇന്ത്യൻ ഉപജ്ഞാതാവായ സുഭാഷ് പലേക്കർ. അഷ്ടമിച്ചിറയിൽ നടക്കുന്ന പ്രകൃതി കൃഷി ശില്പ്പശാലയിൽ മുഖ്യപ്രഭാഷണം നടത്തു കയായിരുന്നു അദ്ദേഹം. ഒരു നാടൻ പശുവിനെ ഉപയോഗിച്ച് 300 ഏക്കർ ഭൂമിയിൽ കൃഷിനടത്താനുള്ള തയ്യാറെടുപ്പിലാണ് താനെന്ന് അദ്ദേഹം പറഞ്ഞു.

ശ്രീമദ് ഭാഗവത സപ്താഹയജ്ഞം

പെരിഞ്ഞനം: പെരിഞ്ഞനം വെസ്റ്റ് പണ്ടാരപ്പറമ്പിൽ ധർമദൈവക്ഷേത്രത്തിൽ അഞ്ചാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞത്തിന് തിരി തെളിഞ്ഞു. സപ്താഹത്തിനു തുടക്കംകുറിച്ച് ക്ഷേത്രത്തിൽ ഇന്നലെ രാവിലെ മഹാഗണപതിഹവനം ശതകലശാഭിഷേകം എന്നിവ നടന്നു.

സപ്താഹത്തിന് സമാരംഭം കുറിച്ച് ഭഗവതിക്ഷേത്രത്തിൽനിന്ന് വിഗ്രഹ ഘോഷയാത്ര ആരംഭിച്ച് യജ്ഞവേദിയിൽ പ്രതിഷ്ഠിക്കാനായി ശ്രീകൃഷ്ണ വിഗ്രഹം താലമേളങ്ങളോടെ ആനയിച്ചു. വൈകീട്ട് ദീപാരാധനയ്ക്കുശേഷം കാരാപ്പുള്ളി പ്രതാപൻ ശാന്തിവിഗ്രഹ സമർപ്പണവും ക്ഷേത്രം തന്ത്രി തിലകൻ ശാന്തി വിഗ്രഹപ്രതിഷ്ഠയും നടത്തി. ഗുരുവായൂർ ദേവസ്വം മെംബർ പ്രഫ.ടി.ആർ ഹരി ഭാഗവത സമർപ്പണവും നടത്തി. സെപ്റ്റംബർ അഞ്ചിന് സപ്താഹയജ്ഞം സമാപിക്കും.

കുട്ടനാട്ടിൽ രണ്ടാംകൃഷിക്ക് മുഞ്ഞബാധ ഭീഷണി

മങ്കൊമ്പ്: കുട്ടനാട്ടിൽ രണ്ടാംകൃഷിയിറക്കിയിട്ടുള്ള പാടശേഖരങ്ങളിൽ മുഞ്ഞബാധ ഭീഷണി. ഏറ്റവും കൂടുതൽ രണ്ടാംകൃഷിയിറക്കിയിട്ടുള്ള പാടശേഖരങ്ങൾ നെടുമുടി പഞ്ചായത്തിലാണ്. ഇവിടെ ആകെയുള്ള 36 പാടശേഖരങ്ങളിൽ 35ലും രണ്ടാംകൃഷിയുണ്ട്. വിതകഴിഞ്ഞ് 80 ഓളം ദിവസങ്ങളായി പലയിടത്തും കതിർ നിരന്നുകഴിഞ്ഞു. ഈ അവസ്ഥയിൽ മുഞ്ഞബാധിച്ചത് കൃഷിക്കാരെ അങ്കലാപ്പിലാക്കിയിരിക്കുകയാണ്. 30, 40 ദിവസങ്ങൾ മാത്രമേ ഇനി വിളവെടുപ്പിനുള്ളൂ. പലകുറി കീടനാശിനി പ്രയോഗം നടത്തിക്കഴിഞ്ഞു. ഇതുമൂലം തന്നെ കൃഷിച്ചെലവിനും വർധനവുണ്ടായി. തുടർച്ചയായി മഴലഭിക്കുന്നതിനാൽ മുഞ്ഞബാധയ്ക്ക് ആശ്വാസമുണ്ടാകുമെന്ന പ്രതീക്ഷയിലാണ് കൃഷിക്കാർ. കൈനകരി പഞ്ചായത്തിലും രണ്ടാംകൃഷിയിറക്കിയിട്ടുള്ള പാടശേഖരങ്ങളിൽ ശക്തമായ മുഞ്ഞബാധയുണ്ട്. അതേസമയം തായങ്കരി പ്രദേശത്തുള്ള പാടങ്ങളിൽ വിതച്ച് 80 ദിവസം കഴിഞ്ഞിട്ടും കതിരുവരാത്തത് കർഷകരിൽ ആശങ്കയുളവാക്കിയിട്ടുണ്ട്. മരുന്നുതളിയും നാട്ടറിവുകളും പ്രയോജനപ്പെടുത്തിയിട്ടും ഫലംകാണുന്നില്ലെന്ന് കർഷകർപറയുന്നു.

കുളത്തൂപ്പുഴയിൽ പുലി ആടിനെ കൊന്നു

തെന്മല: കുളത്തുപ്പുഴയിൽ പകൽ പുലിയിറങ്ങി ആടിനെ കൊന്നു. ആർപിഎൽ പുവക്കാട് കോളനിയിൽ വീരമലറിന്റെ ആടിനെയാണ് തിങ്കളാഴ്ച ഉച്ചയ്ക്ക് പുലി ആക്രമിച്ചത്. ആടിന്റെ കരച്ചിൽകേട്ട് വീരമലറിന്റെ ഭാര്യ വീരമ്മാൾപുറത്തിറങ്ങി നേക്കിയപ്പോഴാണ് പുലിയെ കണ്ടത്. തുടർന്ന് ബഹളം കൂട്ടി നാട്ടുകാരെ അറിയിക്കുകയായിരുന്നു. പകൽ സമയത്തും പുലിയെ കണ്ടസംഭവത്തെ തുടർന്ന് പ്രദേശത്ത് ജാഗ്രത പാലിക്കാൻ വനപാലകർ നിർദേശം നൽകി. കഴിഞ്ഞ ഒരുമാസമായി പ്രദേശവാസികൾ ഭീതിയിലാണ്. പകലും പുലിയിറങ്ങുമെന്ന സ്ഥിതിയായതോടെ ജനങ്ങൾ ആകെ പരിഭ്രാന്തിയിലായ അവസ്ഥയിലാണ്.

ആറ്റുകാൽ ക്ഷേത്രത്തിൽ ഇന്ന്

വൈകുന്നേരം 7.15ന് ഭഗവതിസേവ, പുഷ്പാഭിഷേകം.

'മഞ്ജുളക്കുട്ടിയും മണ്ണിരക്കുഞ്ഞും' പ്രകാശനം ചെയ്തു

തൃശൂർ: പ്രകൃതിയെ മറന്നുള്ള ജീവിതം മനുഷ്യരാശിയുടെ അന്ത്യം കുറിക്കുമെന്ന മുന്നറിയിപ്പോടെ ഓർഗ് പീപ്പിൾ പുറത്തിറക്കുന്ന 'മഞ്ജുളക്കുട്ടിയും മണ്ണിരക്കുഞ്ഞും' എന്ന പുസ്തകത്തിന്റെ പ്രകാശനം നടത്തി.

നിരാഹാര സത്യഗ്രഹം അവസാനിപ്പിച്ച ചടങ്ങിൽവച്ച് ടി.കെ. വാസുവിന്, സുകുമാർ അഴീക്കോട് പുസ്തകം കൈമാറി. പരിസര മലിനീകരണത്തിൽ വെന്തുരുകുന്ന ലാലൂരിന് അഭിവാദ്യമർപ്പിച്ചാണ് പുസ്തക പ്രകാശനം നടത്തിയത്. ഓർഗ് പീപ്പിൾ ഡയറക്ടർ ആർട്ടിസ്റ്റ് നന്ദൻപിള്ളയാണ് പുസ്തകത്തിന്റെ വരയും രചനയും നിർവഹിച്ചിരിക്കുന്നത്. കേരളത്തിലെ എല്ലാ സ്കൂളുകൾ വഴിയും പുസ്തകം വിതരണം ചെയ്യും.

വീടുകളിലെത്തി കയർ ഉത്പന്നങ്ങൾ വിൽക്കാൻ മുഖ്യ മന്ത്രിയും

ആലപ്പുഴ: കയർ വികസനവകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചിരിക്കുന്ന ഒരു വീട്ടിൽ ഒരു കയർ ഉത്പന്നം പദ്ധതിയുടെ ഭാഗമായി മുഖ്യ മന്ത്രി വി.എസ്. അച്യുതാനന്ദനും കയർ ഉത്പന്നം വിൽക്കാൻ വീടുകളിൽ എത്തി. ശനിയാഴ്ച ആലപ്പുഴ സ്റ്റേഡിയം ഉദ്ഘാടനം ചെയ്തശേഷം ആലപ്പുഴയിൽ തങ്ങിയ മുഖ്യ മന്ത്രി കയർമന്ത്രി ജി. സുധാകരനുമായി ചേർന്ന് ഇന്നലെ രാവിലെ 8.30 ഓടെ ഗസ്റ്റ് ഹൗസിൽ നിന്നാണ് കയർ ഉത്പന്നങ്ങളുടെ വില്പന ആരംഭിച്ചത്.

ആറാട്ടുവഴി സ്വദേശിയായ മേഴ്സി ഡയാന എന്ന വീട്ടമ്മയാണ് മുഖ്യമന്ത്രിയിൽ നിന്നും ഗസ്റ്റ് ഹൗസിലെത്തി ആദ്യം കയർ തടുക്ക് ഏറ്റുവാങ്ങിയത്. തുടർന്ന് ഇവിടെവച്ച് അഞ്ചിലധികം പേർ മുഖ്യമന്ത്രിയിൽ നിന്നും മന്ത്രി സുധാകരനിൽ നിന്നും കയർ ഉത്പന്നങ്ങൾ ഏറ്റുവാങ്ങി. പിന്നീട് വിശ്രമത്തിനുശേഷം 11 ഓടെയാണ് ഓൾ ഇന്ത്യ റേഡിയോയിലെ സംഗീത സംവിധായകനായ ആലപ്പി ജിമ്മിയുടെ ആലപ്പുഴ കൊമ്മാടിയിലെ വീട്ടിൽ കയർ ഉത്പന്ന വില്പനയ്ക്കായി മന്ത്രിയും കയർ വകുപ്പ് ഉദ്യോഗസ്ഥരും എത്തിയത്.

മുഖ്യമന്ത്രിയെത്തുന്നതറിഞ്ഞ് വൻ ജനക്കൂട്ടവും ഇവിടെ തടിച്ചുകൂടിയിരുന്നു.വീട്ടിലെത്തിയെ മുഖ്യമന്ത്രിയെ ആലപ്പി ജിമ്മി സ്വീകരിച്ചു. വീടിനുള്ളിലേയ്ക്ക് കയറി ഇരിക്കാൻ ക്ഷണിച്ചെങ്കിലും തിരക്കുകാരണം സ്നേഹപൂർവ്വം വിസമ്മതം നിരസിച്ചു. തുടർന്ന് 465 രൂപ വിലയുള്ള ചകിരിതടുക്ക് 20 ശതമാനം ഡിസ്ക്കൗണ്ടിൽ മുഖ്യമന്ത്രി ജിമ്മിയ്ക്കു നൽകി പണം വാങ്ങി. തുടർന്ന് ഇവിടെ വെച്ച് തന്നെ ആറാട്ടുപുഴ അയോധ്യയിൽ ഭവാനി തങ്കപ്പനും ചകിരി തടുക്ക് നൽകിയ ശേഷമാണ് വി.എസ്. മടങ്ങിയത്.

കായൽനിലങ്ങളിൽ നെൽക്കൃഷി ആരംഭിക്കണം: കർഷക ഫെഡറേഷൻ

ആലപ്പുഴ: തരിശായിക്കിടക്കുന്ന കായൽ നിലങ്ങളിൽ നെൽക്കൃഷി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഖില കുട്ടനാട് നെൽ നാളികേര കർഷക ഫെഡറേഷൻ പ്രസിഡന്റ് ബേബി പാറക്കാടൻ ആവശ്യപ്പെട്ടു. കാവാലത്തുചേർന്ന അഖില കുട്ടനാട് നെൽനാളികേര കർഷക ഫെഡറേഷൻ ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മെത്രാൻ കായലിൽ നെൽക്കൃഷിയിറക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണം. കൃഷിയോഗ്യമായ മുഴുവൻ ഭൂമിയും കൃഷിക്ക് ഉപയോഗിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ ഊർജിതമായി നടക്കുമ്പോൾ മറുഭാഗത്തുകൂടി കൃഷിഭൂമി വൻകിട ജന്മിമാരും വ്യവസായ ലോബികളും വൻ തുക കൊടുത്തുകൊണ്ട് വിലയ്ക്കുവാങ്ങി തരിശിട്ടിരിക്കുന്നത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം കുറ്റകരമാണെന്നു യോഗം ചൂണ്ടിക്കാട്ടി. മെത്രാൻകായലുൾപ്പെടെ കൃഷിക്ക് യോഗ്യമായ മുഴുവൻ സ്ഥലങ്ങളിലും നെൽക്കൃഷി ചെയ്യിക്കാൻ സർക്കാർ മുമ്പോട്ടുവരണം. 417ഏക്കർ വരുന്ന മെത്രാൻകായലുൾപ്പെടെ കുട്ടനാട്ടിലെ നല്ലൊരു വിഭാഗം കൃഷിപ്പാടങ്ങൾ കാർഷികേതര ആവശ്യങ്ങൾക്കായി കുത്തക മുതലാളിമാർ വാങ്ങി തരിശിട്ടിരിക്കുന്ന അവസ്ഥയാണ്. ചില രാഷ്ട്രീയപാർട്ടികൾ വൻകിട ലോബിക്ക് ഒത്താശ ചെയ്യുകയാണെന്ന് യോഗം ആരോപിച്ചു. ഫെഡറേഷൻ വൈസ് പ്രസിഡന്റ് കെ.യു. സക്കറിയ അധ്യക്ഷത വഹിച്ചു. ജോർജ് തോമസ് ഞാറേക്കാട്ട്, സിബി കല്ലുപാത്ര, ജോഷി പരുത്തിക്കൽ പി.ജെ. ജോസഫ്, ജി. ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

വൈറ്റിലയിൽ റോഡ് കൈയേറി വിൽപനകേന്ദ്രങ്ങൾ

വൈറ്റില: ദേശീയപാതയിൽ ഏറ്റവും തിരക്കേറിയ വൈറ്റില ജംഗ്ഷനിൽ റോഡ് കൈയേറി കടകളും മറ്റു വിൽപ്പനകേന്ദ്രങ്ങളും മുളച്ചുവരുന്നു. വൈറ്റില ശിവസുബ്രഹ്മണ്യക്ഷേത്രത്തിന്റെ മതിലിനോട് ചേർന്ന് ദേശീയപാതയ്ക്കുവേണ്ടി ഏറ്റെടുത്തിട്ടിരിക്കുന്ന സ്ഥലമാണ് കൈയേറി പഴവർഗങ്ങൾ വിൽപ്പനയ്ക്കായിട്ട് ഷീറ്റുകൾ കൊണ്ടുള്ള കടയാക്കി മാറ്റിയിരിക്കുന്നത്. ജംഗ്ഷനിലെ കെഎസ്ആർടിസി സ്റ്റേഷൻമാസ്റ്ററുടെ മുറിയോട് ചേർന്നും വെയ്റ്റിംഗ് ഷെഡിനോടും ചേർന്നാണ് കടകൾ വ്യാപകമാവുന്നത്.

ആദ്യം താൽക്കാലികമായി തുടങ്ങിയശേഷം പിന്നീട് വിപുലീകരിച്ച് സ്ഥലം സ്വന്തമാക്കുകയാണ് ഇവരുടെ രീതി. ഇങ്ങനെ മുളച്ചുവരുന്ന കടകൾക്ക് ഇവരുടെ സ്വാധീനം പ്രയോഗിച്ച് വൈദ്യുതിയും ലഭ്യമാക്കിയിട്ടുണ്ട്.

എന്റെ മരം പദ്ധതി സാമൂഹിക വനവത്കരണത്തിന് ദിശാബോധം നൽകി: മന്ത്രി ബിനോയ് വിശ്വം

കൊല്ലം: സംസ്ഥാനത്ത് നടപ്പാക്കിയ 'എന്റെ മരം' പദ്ധതി രാജ്യത്തെ സാമൂഹിക വനവത്കരണത്തിന് ദിശാബോധം നൽകിയതായി മന്ത്രി ബിനോയ് വിശ്വം. എസ്എൻഡിപി യോഗം വനിതാ സംഘം സംഘടിപ്പിച്ച കുട്ടികളുടെ പരിസ്ഥിതി സമ്മേളനം -ഭൂമി ഗീതം 2010 ന്റെ ഉദ്ഘാടനം എസ്.എൻ കോളജ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

ഒരു കോടി 78 ലക്ഷം വൃക്ഷത്തൈകളാണ് ഇതിനകം വച്ചുപിടിപ്പിക്കാനായത്. വൃക്ഷത്തൈകൾ നട്ടുവളർത്തുന്ന പ്രവർത്തനങ്ങൾക്ക് സർക്കാർ എല്ലാ പിന്തുണയും നൽകും. ആവശ്യമായ വൃക്ഷത്തൈകൾ നൽകാൻ വനംവകുപ്പ് തയാറാണ്. എന്റെ മരം പദ്ധതി വിജയിപ്പിക്കാനായത് വിദ്യാർഥികളുടെ സജീവ പങ്കാളിത്തം മൂലമാണ്.

ചട്ടമ്പിസ്വാമി ജയന്തി ആഘോഷം ഇന്ന്

പന്മന: ചട്ടമ്പിസ്വാമിയുടെ 157-ാം ജയന്തി ആഘോഷത്തിന് പന്മന ആശ്രമത്തിൽ ഒരുക്കങ്ങൾ പൂർത്തിയായി. ഇന്നു രാവിലെ ഏഴിന് ചവറ വിജയനാഥും സംഘവും അവതരിപ്പിക്കുന്ന വിദ്യാധിരാജ സംഗീതാരാധനയോടെ ജയന്തി ആഘോഷം ആരംഭിക്കും. ഒമ്പതിന് ഭദ്രദീപ പ്രകാശനം. തുടർന്ന് രാമദാസ മിഷൻ യൂണിവേഴ്സൽ സൊസൈറ്റി സംസ്ഥാന സെക്രട്ടറി ബ്രഹ്മചാരി ഭാർഗവറാം വിദ്യാധിരാജ പ്രാതഃസ്മരണം നടത്തും. രാവിലെ 10.30ന് ജയന്തി സമ്മേളനം മദ്രാസ് ഹൈക്കോടതി ജസ്റ്റീസ് കെ.ബി.കെ. വാസുകി ഉദ്ഘാടനം ചെയ്യും. വാഴൂർ തീർഥപാദാശ്രമം മഠാധിപതി സ്വാമി പ്രജ്ഞാനാനന്ദ തീർഥപാദർ അധ്യക്ഷനായിരിക്കും. മന്ത്രി എൻ.കെ.പ്രേമചന്ദ്രൻ പ്രഭാഷണം നടത്തും.

KECHERY
CHITS & FINANCE (REGD)
PTC Tower, S. S. Kovil Road,
Thiruvananthapuram.
Ph: 2338113, 3012015

ഇന്നത്തെ സിനിമ

കൈരളി- (3013030)
ഫിഡിൽ
(11.00, 2.30, 6, 9.30)
ശ്രീ-(3013030)
സകുടുംബം ശ്യാമള
(11.30,2.30, 6.00, 9.30)
ന്യൂ- (2323244)
ഒരുനാൾ വരും (തമിഴ്)
(11.00, 2.30, 6.00, 9.30)
ശ്രീകുമാർ - (2331222)
Ashayein (11.30)
പാട്ടിന്റെ പാലാഴി (, 2.30, 6.00, 9.00)
ശ്രീവിശാഖ്- മിലേഗ
മലർവാടി ആർട്സ് ക്ലബ്ബ്
(11.00, 2.30, 6.00, 9.00)
ശ്രീപത്മനാഭ- (2473999)
അങ്ങാടിത്തെരു
11.15, 2.30, 6.15, 9.30
ശ്രീബാല- (2478872)
കൗമാരപ്രായം
അജന്ത- (2472825)
കനകവേൽ കാക്ക (4 കളി)
11, 2.30, 6.15, 9.30
സെൻട്രൽ- (2462865)
സിങ്കം
കൃപ- (DTS) (2471655)
നിറക്കാഴ്ച
(11.30, 2.30, 6.30, 9.30)
ധന്യ- (DTS) (2476773)
Expendables
(11.15, 2.30, 6.30, 9.30)
രമ്യ- (DTS) (2476773)
3 ചാർ സൗബീസ്
(11.30, 2.30, 6.30, 9.30)
അഞ്ജലി- യക്ഷിയും ഞാനും (11.15, 2.30, 6.15, 9.30)
അതുല്യ-ഞാൻ മഹാനല്ല
(11.30, 2.30, 6.15, 9.30)
ആതിര- ഹലോ ഡാർലിങ്
1.30, 2.30, 6.30, 9.30)
അശ്വതി- Cobra Women(തമിഴ്) (2475579)
(11.30, 2.30, 6.30, 9.30)
കലാവേൻ-പോക്കിരിരാജ
(2322314)
പേയാട് എസ്.പി.
ലയം (2.30, 6.30, 9.15)
പെരിങ്ങമ്മല അശ്വതി
മമ്മി ആന്റ് മീ (2.30, 6.30, 9.30)
കോവളം ശ്രീനീലകണ്ഠ-
മഞ്ചാവേലു (തമിഴ്)
വെട്ടുറോഡ് ഹരിശ്രീ-
പോക്കിരിരാജ (3.00, 6.30, 9.30)
പോത്തൻകോട് എം.ടി
മമ്മി ആന്റ് മീ (2.45, 6.30, 9.30)
നെടുമങ്ങാട് സൂര്യ-
സകുടുംബം ശ്യാമള
(11, 2.30, 6.15, 9.30)
നെടുമങ്ങാട് ശക്തി - ഇരുമ്പു ഞാൻ മഹാനല്ല 1.00, 2.30, 6.30, 9.30)
നെടുമങ്ങാട് റാണി(2802240)
അർജുൻ 11.00, 2.30, 6.15, 9.30)